# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഒക്ടോബർ 23**

---

# ചർച്ചകളിൽ നിറഞ്ഞത് ചവിട്ടുനാടകത്തിന്റെ പ്രൗഢി

കേരളത്തിന്റെ നാടക പാരമ്പര്യത്തിൽ ചവിട്ടു നാടകത്തിന്റെ സ്വാധീനം നിർണായകമാണെന്ന് എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടക്കുന്ന കാരിക ഫോക് ലോർ ഫെസ്റ്റിൽ സംസാരിച്ച വിദഗ്ധർ ചൂണ്ടിക്കാട്ടി. നമ്മുടെ നാടകകലയുടെ ചരിത്രത്തെക്കുറിച്ചുള്ള ചർച്ചകളിൽ പൊതുവെ സംസ്കൃത നാടകങ്ങൾക്കാണ് പ്രാമുഖ്യമെങ്കിലും ചവിട്ടു നാടകങ്ങളുടെ സംഭാവന വിസ്മരിക്കാവുന്നതല്ലെന്ന് അവർ വിലയിരുത്തി.

ചവിട്ടുനാടക കലാരംഗം ഒരിടവേളയ്ക്കുശേഷം സജീവമായിട്ടുണ്ടെന്ന് പരിപാടിയിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി. ചവിട്ടുനാടകവുമായി സാമ്യമുള്ള തമിഴ്നാട്ടിലെ കലാരൂപങ്ങളെക്കുറിച്ച് പാളയംകോട്ട സെന്റ് സേവ്യേഴ്സ് കോളജിലെ ഫോക് ലോർ വിഭാഗം മേധാവി ഡോ. എസ്. കാർമേഘം വിശദീകരിച്ചു.

ഹൈദരാബാദ് സർവകലാശാലയിലെ സെന്റർ ഫോർ ഫോക് കൾച്ചർ സ്റ്റഡീസ് മേധാവി ജോളി പുതുശേരി, ബാംഗളൂരുവിലെ സെന്റ് ജോസഫ്സ് സർവകലാശാലയിൽനിന്നുള്ള നവ്യ ഡന്നീസ്, ജർമ്മനിയിലെ തുബിംഗെൻ സർവകലാശാലയിലെ ഗവേഷക ഗീത കെ. വിത്സൻ എന്നിവരും പ്രഭാഷണം നടത്തി.

പ്രശസ്ത ചവിട്ടുനാടക കലാകാരൻമാരായ കുട്ടപ്പനാശാൻ ഓമനപ്പുഴ, ബ്രിട്ടോ വിൻസെന്റ് ഫോർട്ടുകൊച്ചി , പോൾസൺ ഗോതുരുത്ത് എന്നിവർ അനുഭവങ്ങൾ പങ്കുവച്ചു. കേളി രാമചന്ദ്രൻ മോഡറേറ്ററായിരുന്നു. വൈകുന്നേരം കുറുമ്പത്തുമുത്ത് യുവകേരള ചവിട്ടുനാടക കലാസമിതി അവതരിപ്പിച്ച കാറൽമാൻ ചരിതം ചവിട്ടുനാടകവും നടന്നു.

വി.സി. ഹാരിസ് വൈജ്ഞാനിക സദസ്സിന്റെ ഭാഗമായി മുംബൈ കേളിയുമായി സഹകരിച്ചു നടത്തുന്ന ഫോക് ലോർ ഫെസ്റ്റ് നാളെ(ഒക്ടോബർ 25) സമാപിക്കും.

(പി.ആർ.ഒ/39/947/2024)

## ലൈഫ് സർട്ടിഫിക്കറ്റ്; നവംബർ 15 വരെ സമർപ്പിക്കാം

മഹാത്മാഗാന്ധി സർവകലാശാലാ പെൻഷൻകാരുടെ 2024 വർഷത്തെ ജീവനസാക്ഷ്യപത്രം(ലൈഫ് സർട്ടിഫിക്കറ്റ്) www.jeevanpramaan.gov.in എന്ന വെബ്സൈറ്റ് മുഖേന സമർപ്പിക്കാം. ഓൺലൈൻ സംവിധാനം ഉപയോഗിക്കാൻ കഴിയാത്തവർക്ക് സർവകലാശാലാ വെബ്സൈറ്റിൽനിന്നും നിശ്ചിത മാതൃകയിലുള്ള ഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് സമർപ്പിക്കാം.

ഓൺലൈനിൽ സാക്ഷ്യപത്രം നൽകുന്നതു സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ സർവകലാശാലയുടെ വെബ്സൈറ്റിലും പെൻഷനേഴ്സ് പോർട്ടലിലും ലഭ്യമാണ്.

എല്ലാ പെൻഷൻകാരും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നില്ലെന്ന സത്യവാങ്മൂലവും കുടുംബ പെൻഷൻകാർ വിവാഹം ചെയ്തിട്ടില്ല/പുനർ വിവാഹം ചെയ്തിട്ടില്ല എന്ന സത്യവാങ്മൂലവും നിശ്ചിത മാതൃകയിലുള്ള ഫോറങ്ങളിൽ തയാറാക്കി സമർപ്പിക്കണം.

ലൈഫ് സർട്ടിഫിക്കറ്റും സത്യവാങ്മൂലവും നവംബർ 15 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.mgu.ac.in)
(പി.ആർ.ഒ/39/948/2024)

## ഡിജിറ്റൽ ലാൻഡ് സർവേയിംഗ് കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആന്റ് ജി.ഐ.എസ് നടത്തുന്ന അഡ്വാൻസ്ഡ് സർവേയിംഗ് ആൻറ് ഡ്രാഫ്റ്റിംഗ് ഷോർട്ട് ടേം കോഴ്സിന് അപേക്ഷ ക്ഷണിച്ചു.

സിവിൽ എൻജിനീയറിംഗ്, ലാൻഡ് സർവേയിംഗ് മേഖലകൾക്കാവശ്യമായ വിശദമായ മാപ്പുകൾ, പ്ലാനുകൾ, ഡ്രോയിംഗുകൾ തുടങ്ങിയവ ടോട്ടൽ സ്റ്റേഷൻ, ഡിജിപിഎസ്, ഓട്ടോകാഡ് ഡ്രാഫ്റ്റിംഗ് എന്നിവ ഉപയോഗിച്ച് തയ്യാറാക്കുന്നതിനുള്ള 45 ദിവസത്തെ പരിശീലനമാണിത്.

അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 01. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ (https://ses.mgu.ac.in)
ഫോൺ–8590282951, 8848343200, 9446767451.
(പി.ആർ.ഒ/39/949/2024)

## പരീക്ഷക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ ബിഎഡ് (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ റീ അപ്പിയറൻസ്, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്–ദ്വിവത്സര കോഴ്സ്) പരീക്ഷകൾക്ക് ഒക്ടോബർ 28 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഫൈനോടുകൂടി ഒക്ടോബർ 29 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 30 വരെയും അപേക്ഷ സ്വീകരിക്കും.
(പി.ആർ.ഒ/39/950/2024)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ എൽഎൽഎം (2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 രണ്ടാം മെഴ്സി ചാൻസ്, 2018 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് പരീക്ഷ നവംബർ നാലു മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

……………

എട്ടാം സെമസ്റ്റർ ഐഎംസിഎ (2022 അഡ്മിഷൻ റെഗുലർ) പരീക്ഷ ഒക്ടോബർ 29 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.
(പി.ആർ.ഒ/39/951/2024)

## പരീക്ഷാ ഫലം

മൂന്നും നാലും സെമസ്റ്റർ എംഎ മലയാളം പ്രൈവറ്റ് (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻ്ററി മെയ് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ ആറു വരെ അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

………..

ഒന്നു മുതൽ മൂന്നു വരെ സെമസ്റ്റർ ബിവോക്ക് വിഷ്വൽ മീഡിയ ആൻ്റ് ഫിലം മേക്കിംഗ് പുതിയ സ്കീം (2021 അഡ്മിഷൻ ഇംപ്രൂവ്മെൻ്റും റീ അപ്പിയറൻസും ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ ആറ് വരെ അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

……………….

രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻ്റ് സ്പോർട്സ് (2022 അഡ്മിഷൻ റെഗുലർ, 2016 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് നംവംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ ആറു വരെ അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

……………………..

നലാം സെമസ്റ്റർ സിബിസിഎസ് ബിഎ പ്രൈവറ്റ് (2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻ്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ ആറു വരെ അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/952/2024)

## പ്രാക്ടിക്കൽ

ഒന്നു മുതൽ നാലു വരെ വർഷങ്ങളിലെ വർഷ ബിഎസ്സി മെഡിക്കൽ മൈക്രോബയോളജി (2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ സപ്ലിമെൻ്ററി ആഗസ്റ്റ് 2024) പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 25 മുതൽ നടക്കും.
(പി.ആർ.ഒ/39/953/2024)

## അസിസ്റ്റന്റ് കം ലൈബ്രേറിയൻ

മഹാത്മാഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിട്യൂട്ടിൽ ദിവസവേതന അടിസ്ഥാനത്തിൽ അസിസ്റ്റന്റ് കം ലൈബ്രേറിയൻ തസ്തികയിൽ ഒരൊഴിവുണ്ട്. ലൈബ്രറി സയൻസിൽ ബിരുദമുള്ളവർ ഒക്ടോബർ 29 ന് മുമ്പ് civilserviceinstitute@mgu.ac.in. എന്ന ഇമെയിലേയ്ക്ക് ബയോഡേറ്റ അയക്കണം.
(പി.ആർ.ഒ/39/954/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**